(ഇ) വാഹന മോഷണ കേസുകൾ പ്രത്യേകമായി കണ്ടു പിടിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 427 കേസുകൾ

(ബി) 3 പേർ

(സി) 19

(ഡി) 165

(ഇ) ക്രൈം ബ്രാഞ്ചിൽ ഒരു സ്പെഷ്യൽ സെൽ പ്രവർത്തിക്കുന്നു.

ക്ഷേത്ര മോഷണങ്ങൾ

46 [54] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982 മേയ് 24 മുതൽ 1986 മേയ് 24 വരെയുള്ള 4 വർഷത്തിനിടയിൽ സംസ്ഥാനത്ത് എത്ര ക്ഷേത്ര മോഷണങ്ങൾ നടന്നിട്ടുണ്ട്;

(ബി) എത്ര കേസുകളിൽ ഇതിനകം പ്രതികളെ പിടികിട്ടിയിട്ടുണ്ട്;

(സി) ഇതിൽ ഗുരുവായൂർ ക്ഷേത്രത്തിലെ വിഗ്രഹത്തിൽ നിന്ന് മാലകൾ മോഷ്ടിച്ച കേസ് ഉൾപ്പെടുമോ;

(ഡി) ഈ കേസ് തെളിയിക്കാൻ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) 792

(ബി) വിവരം ശേഖരിച്ച് വരുന്നു.

(സി) ഉൾപ്പെടും.

(ഡി) കേസിന്റെ അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ചിട്ടുണ്ട്.

ആരാധനാലയങ്ങളിലെ മോഷണം

47 [55] ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ക്ഷേത്രങ്ങളിലും പള്ളികളിലും നടന്ന മോഷണങ്ങൾ എത്ര;

(ബി) ഇതിൽ എത്ര കേസുകൾ ചാർജ് ചെയ്തു;

(സി) തെളിയിക്കപ്പെട്ട കേസുകൾ എത്ര?

ഉത്തരം

(എ) 1204

(ബി) 207

(സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly